# charismatic Luxury

ഗുജറാത്തിലെ വഡോദരയിൽ പ്രശസ്ത ഡിസൈനർ ദീപൻ ഗാദ ഡിസൈൻ നിർവ്വഹിച്ച ലക്ഷ്വറി ഹോമിന്റെ ഇന്റീരിയർ വിശേഷങ്ങളറിയാം

## മൂന്നു ബ്ലോക്ക് ഒരു വീട്!



**factfile**

Project Type:
**Highend residence**

Location:
**Vadodara, Gujarat**

Client: **Mr. Amin**

Principal Designer:
**Dipen Gada**

Design Team:
**Rinkesh Panchal, Shruti Patel, Shalini Pereira, Dolly Pari.**

Design Style:
**Contemporary**

Area: **8240 Sq. ft**

Plot: **1.5 Acre**

Completed In: **2011**







ആദ്യ കാഴ്ചയിൽ തന്നെ ആരുടെയും മനസ്സു കവരുന്ന കരിങ്കൽ, കാറ്റും വെളിച്ചവും സുലഭമായി കയറിയിറങ്ങിപ്പോകുന്ന പ്രകൃതിയിലേക്കു തുറക്കുന്ന അകത്തളങ്ങൾ, വെള്ളയുടെ ശുദ്ധതയിൽ തിളങ്ങുന്ന ചുമരുകൾ, വാട്ടർബോഡികളുടെ സാന്നിധ്യം, ലക്ഷ്വറി സൗകര്യങ്ങൾ - ഇങ്ങനെ നിരവധി ഘടകങ്ങൾ കൂടിച്ചേരുമ്പോഴുള്ള ഭംഗിയാണ് ഈ വീടിനെ ഇത്രയേറെ ഹൃദ്യമാക്കുന്നത്. ഗുജറാത്തിലെ വഡോദര (ബറോഡ) സിറ്റിയുടെ പടിഞ്ഞാറെ ഭാഗത്തു സ്ഥിതി ചെയ്യുന്ന ഷെരിഖിയിലാണ് ഈ ലക്ഷ്വറി ഹോം സ്ഥിതി ചെയ്യുന്നത്. മിസ്റ്റർ ആന്റ് മിസ്സിസ്സ് അമിൻ ദമ്പതികൾക്കു വേണ്ടി ഡിസൈനർ ദീപൻ ഗാദയാണ് ഈ കണ്ടംപററി വീടിന്റെ ഡിസൈൻ നിർവ്വഹിച്ചിരിക്കു



പ്രകൃതിയിലേക്കു തുറക്കുന്ന അകത്തളങ്ങൾ, വെള്ളയുടെ ശുദ്ധതയിൽ തിളങ്ങുന്ന ചുമരുകൾ, വാട്ടർബോഡികളുടെ സാന്നിധ്യം, ലക്ഷ്വറി സൗകര്യങ്ങൾ - ഇങ്ങനെ നിരവധി ഘടകങ്ങൾ കൂടിച്ചേരുമ്പോഴുള്ള ഭംഗിയാണ് ഈ വീടിനെ ഇത്രയേറെ ഹൃദ്യമാക്കുന്നത്.





















എല്ലാ ബെഡ്റൂമുകളും നന്നായി വെന്റിലേഷൻ ഉറപ്പാക്കിയവയാണ്. ഒപ്പം ഓരോ ബെഡ് റൂമും പുറത്തെ പച്ചപ്പുമായി തമ്മിൽ ബന്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു





സൗരഭ്യം പൊഴിക്കും ബാത്ത് സ്പെയ്സ്

ഡെക്കിലേക്കും ഡെക്കിനോടു ചേർന്നു നൽകിയിരിക്കുന്ന സെൻ ഗാർഡനിലേക്കും പ്രവേശിക്കുകയുമാവാം. ഒരേ സമയം 12 പേർക്ക് വരെ ഇരുന്നു ഭക്ഷണം കഴിക്കാവുന്ന രീതിയിൽ വിശാലമാണ് ഡൈനിംഗ് സ്പെയ്സ്. പബ്ലിക് - പ്രൈവറ്റ് ഏരിയകൾ തമ്മിൽ ചേരുന്നിടം കൂടിയാണ് ഈ ഡൈനിംഗ് ഏരിയ. ആന്റിക് ഫിനിഷോടു കൂടിയ ഡൈനിംഗ് ചെയറുകളും ഡിവൈഡറും ക്രോക്കറി യൂണിറ്റും ഇവിടെ കാണാം. താഴത്തെ നിലയിലെ നാലു ബെഡ് റൂമുകളെയും സ്റ്റെയർ ഏരിയയേയും എല്ലാം കണക്റ്റ് ചെയ്യുന്ന സെൻട്രൽ ഫോയറാണ് ഈ ഏരിയ പ്രവർത്തിക്കുന്നത്.

സെൻട്രൽ ഫോയറിനോട് ചേർന്ന് ഒരു പൂജാമുറിയും നൽകിയിട്ടുണ്ട്. കസ്റ്റമൈസ്ഡായി ഡിസൈൻ ചെയ്തെടുത്ത ആർട്ട് ലാമ്പ്, സ്റ്റെയർ കെയ്സ് ഏരിയയ്ക്ക് അഴകു സമ്മാനിക്കുന്നു. ഡബ്ബിൾ ഹൈറ്റ് സീലിംഗിന്റെ സാധ്യതകൾ നന്നായി പ്രയോജനപ്പെടുത്തിയാണ് യാത്ര എന്ന തീമിൽ ഈ ആർട്ട് ലാമ്പ് ഒരുക്കിയിരിക്കുന്നത്. ദിപൻ ഗാദ തന്നെ ഡിസൈൻ ചെയ്തെടുത്ത ഈ ലാമ്പിന്റെ നിർമ്മാണം പൂർത്തിയാക്കിയത് മനീഷ് മഹേശ്വരിയാണ്. ഇതാണ് വീടിന്റെ യൂണിക് ഘടകങ്ങളിൽ ഒന്ന്. നിറപ്പകിട്ടാർന്നൊരു സിറ്റൗട്ടും വലിയൊരു പെയിന്റിംഗും ഈ സെന്റർ ഫോയറിന്റെ ഭാഗമായി വരുന്നു. സ്ലാബ് കട്ടൗട്ടുകളിലൂടെ ഈ ഏരിയകളിലും വെളിച്ചം എത്തുന്നു.

എല്ലാ ബെഡ്റൂമുകളും നന്നായി വെന്റിലേഷൻ ഉറപ്പാക്കിയവയാണ്. ഒപ്പം ഓരോ ബെഡ് റൂമും പുറത്തെ പച്ചപ്പുമായി തമ്മിൽ ബന്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഡാർക്ക് ടോണിലുള്ള വുഡൻ ഫ്ളോറിംഗ് ആണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. കസ്റ്റംമെയ്ഡായി നിർമ്മിച്ച വലിയ വുഡൻ ബെഡാണ് മാസ്റ്റർ ബെഡ് റൂമിന്റെ പ്രത്യേകത. ഫാമിലി കൊളാഷ് ഈ വീടിന്റെ ഒരു ചുമരിനെ മനോഹരമാക്കുന്നു. 15'X18' സൈസി








ലുള്ള വലിയ മാസ്റ്റർ ബാത്ത് റൂമിൽ ബാത്ത് ടബ്ബി നു മുകളിലായി സ്കൈലൈറ്റ് നൽകിയിരിക്കുന്നു. വലിയൊരു സ്റ്റഡി റൂമും ഔട്ട് ഡോർ ഗാർഡനും ഗ സീബയുടെയുമൊക്കെ സാന്നിധ്യമാണ് കിഡ്സ് റൂ മിന്റെ സവിശേഷത.

ചുമരിലെ നാലു നിഷസുകളിൽ കാൻഡിൽ നൽ കിയിരിക്കുന്നു. സിൽവർ മിറർ ഫ്രെയിം ചുമരിന് മ നോഹാരിത പകരുന്നു. ഇറ്റാലിയൻ മാർബിളാണ് ബാ ത്ത് റൂമുകളിൽ ഉപയോഗിച്ചിരിക്കുന്നത്. ബോംബെ യിൽ നിന്നും അഹമ്മദാബാദിൽ നിന്നുമാണ് ഈ പ്രൊജക്റ്റിനു വേണ്ട ആക്സസറീസുകൾ തെരെ ഞ്ഞെടുത്തിരിക്കുന്നത്.

മനസ്സിൽ കണ്ടതിനേക്കാൾ മനോഹരമായി തന്റെ ഡ്രീം ഹോം ഒരുക്കിയതിനുള്ള എല്ലാ ക്രെഡിറ്റും ക്ലൈന്റ് ഡിസൈനർക്കു നൽകുമ്പോൾ, ഡിസൈ നിൽ സ്വതന്ത്രമായി തീരുമാനങ്ങൾ എടുക്കാനും ന ടപ്പിലാക്കാനും ക്ലൈന്റ് തന്ന സ്വാതന്ത്ര്യമാണ് ഈ വീടിനെ പൂർണ്ണതയിലെത്തിച്ചതെന്നാണ് ദിപൻ ഗാ ദയുടെ വിശ്വാസം.

ചിലപ്പോൾ, ക്ലൈന്റും ഡിസൈനറും തമ്മിലുള്ള ഈ പരസ്പര വിശ്വാസവും മനസ്സിലാക്കലും തന്നെ യാവാം അമിൻ റെസിഡൻസിന്റെ അകത്തളങ്ങളെ ഇത്രയേറെ ഊഷ്മളമാക്കുന്നതും!

*റിപ്പോർട്ട്:* **ധന്യ കെ. വിളയിൽ**
*ഫോട്ടോ:* **തേജസ് ഷാ**

## ഡിസൈനർ ദിപൻ ഗാദ

രണ്ടു പതിറ്റാണ്ടിലേറെയായി ആർക്കിടെക്ചറൽ- ഇന്റീരിയർ ഡിസൈ നിംഗ് രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു. എം എസ് യൂണിവേഴ് സിറ്റിയിൽ നിന്നും സിവിൽ എഞ്ചിനീയറിംഗിൽ ബിരുദം നേടിയ ദി പൻ ഗാദ 1993 ലാണ് ബറോഡയിൽ (വഡോദര) ദിപൻ ഗാദ ആന്റ് അസോസിയേറ്റ്സ് (DGA) എന്ന സ്വതന്ത്രസ്ഥാപനം തുടങ്ങുന്നത്. ആർ ക്കിടെക്റ്റുകളും എഞ്ചിനീയർമാരും ഡിസൈനർമാ രുമെല്ലാം അടങ്ങിയ വലിയൊരു ടീം തന്നെ ദിപൻ ഗാദ ആന്റ് അസോസിയേറ്റ്സിൽ പ്രവർത്തിക്കു ന്നുണ്ട്. ഡിസൈനിംഗ് മികവിന് ഇന്ത്യൻ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് ഇന്റീരിയർ ഡിസൈനേഴ്സിന്റെ റീജി യണൻ, നാഷണൽ അവാർഡുകൾ അടക്കം ഇരു പതോളം അവാർഡുകൾ ഈ ഡിസൈനറെ തേടി യെത്തുകയുണ്ടായി. വൈറ്റ് ഫ്ളാഗ് പബ്ലിഷിംഗിന്റെ 50 ബ്യൂട്ടിഫുൾ ഹൗസസ് ഇൻ ഇന്ത്യ എന്ന ബുക്ക് സീരിസിൽ രണ്ടുതവണ ദിപൻ ഗാദയുടെ രണ്ടു പ്രൊജക്റ്റുകൾ തെരെഞ്ഞെടുക്കപ്പെടുകയുണ്ടായി. 2006- 2008 ൽ ഇന്ത്യൻ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ഇന്റീരി യർ ഡിസൈനേഴ്സിന്റെ വഡോദര ചാപ്റ്ററിന്റെ ചെയർപേഴ്സണാ യും ഇദ്ദേഹം സേവനം അനുഷ്ഠിക്കുകയുണ്ടായി.



Address: 3, White House, 44 Vishwas Colony,
Alkapuri, Vadodara- 390007. Ph: + 91 265 2311136/ 2351626
email: dipen317@gmail.com, dip_gada@rediffmail.com
website: www.dipengada.com



യൂട്ടിലിറ്റിയ്ക്ക് പ്രാധാന്യം നൽകി ഡിസൈൻ ചെയ്ത കിച്ചൻ. ഹാംഗിഗ് വർക്ക് പ്ലെയ്സ്, ബാക്ക് ഡെക്കിലേക്കുള്ള വ്യൂ എന്നിവ കിച്ചനെയും സജീവമാക്കുന്നു.